1

## കോളേജ് വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ നടപടിക്രമം

കോളേജ് വിദ്യാഭ്യാസ വകുപ്പ് - ജീവനക്കാര്യം - ഗവൺമെന്റ് കോളേജുകളിൽ കൊമേഴ്സ് വിഭാഗം ലക്ചറർ ആയി നിയമനം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഉത്തരവ് നം.ബി4/28891/2018/കോ.വി..വ. തിരുവനന്തപുരം, തീയതി 19.06.2019**

പരാമർശം:- 1) കേരളാ പബ്ലിക് സർവ്വീസ് കമ്മീഷൻ സെക്രട്ടറിയുടെ 11.02.2019, 20.05.2019 തീയതികളിലെ RID(3)4537/18/GW നമ്പർ കത്തുകൾ.

2) 21/03/1994-ലെ (പി)നം.41/94/ഉ.വി.വ നമ്പർ സർക്കാർ ഉത്തരവ്.

3) ജി.ഒ.(പി) നം.45/1991/പി & എ.ആർ.ഡി തീയതി 30/12/1991.

4) ജി.ഒ.(പി) നം.41/2010/ഉ.ഭ.പ.വ തീയതി 14/12/2010.

5) ജി.ഒ.(പി) നം.20/2011/ഉ.ഭ.പ.വ തീയതി 30/06/2011

6) 16.08.2013-ലെ സ.ഉ(അ) 23/2013/ഉ.ഭ.പ.വ നമ്പർ സർക്കാർ ഉത്തരവ്.

## ഉത്തരവ്

മേൽ പരാമർശം ഒന്ന് കത്ത് പ്രകാരം കേരളാ പബ്ലിക് സർവ്വീസ് കമ്മീഷൻ അഡ്വൈസ് ചെയ്ത താഴെപ്പറയുന്ന ഉദ്യോഗാർത്ഥികളെ 15,600 - 39,100/- രൂപ ശമ്പള സ്കെയിലിൽ കൊമേഴ്സ് വിഭാഗം ലക്ചറർ ആയി അവരുടെ പേരിനെതിരെ ചേർത്ത ഒഴിവിൽ നിയമിച്ച് ഉത്തരവാകുന്നു. ഈ നിയമനം കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് റൂൾ (3) (സി) യ്ക്ക് വിധേയമായിരിക്കും. നിയമനം ലഭിച്ചയാൾ ജനന തീയതി, വിദ്യാഭ്യാസ യോഗ്യത, ജാതി (നിയമന ഉത്തരവിൽ ജാതി പ്രതിപാദിക്കുന്നുണ്ടെങ്കിൽ മാത്രം) എന്നിവ തെളിയിക്കുന്നതിനുള്ള അസ്സൽ സർട്ടിഫിക്കറ്റുകൾ, അസിസ്റ്റന്റ് സർജന്റെ റാങ്കിൽ കുറയാത്ത മെഡിക്കൽ ഓഫീസർ നൽകുന്ന മെഡിക്കൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് (വിരലടയാളം, ഫോട്ടോ എന്നിവ സാക്ഷ്യപ്പെടുത്തിയത്) എന്നിവ സഹിതം **ഈ ഉത്തരവ് കൈപ്പറ്റി 15 ദിവസത്തിനകം ജോലിയിൽ പ്രവേശിക്കേണ്ടതും** അപ്രകാരം പ്രവേശിക്കാത്ത പക്ഷം നിയമന ഉത്തരവ് റദ്ദു ചെയ്യുന്നതുമാണ്.

| ക്രമ നമ്പർ | പേരും വിലാസവും | വിദ്യാഭ്യാസ യോഗ്യത | ജനന തീയതി | ഏത് ഒഴിവിൽ എവിടെ നിയമിക്കുന്നു. |
|---|---|---|---|---|
| 1. | HEMALATHA BAISSIL MORRIS<br>PAZHAYAKANJIRATHUM MOODU<br>VELLANKANI NAGAR HOUSE 40<br>ERAVIPURAM (PO), KOLLAM<br>(LC) BC | M COM<br>NET | 28.11.1980 | കോഴിക്കോട് ഗവൺമെന്റ് ആർട്സ് & സയൻസ് കോളേജിൽ ശ്രീ.സജീവ് കുമാർ.എ.പി സ്ഥലം മാറ്റപ്പെട്ട ഒഴിവിൽ |
| 2. | KISHOR M.V<br>NEELANJANAM<br>CHEMMALASSERI<br>MALAPPURAM 679323 | M COM<br>NET<br>M.PHIL | 02.04.1979 | ഗവൺമെന്റ് കോളേജ്, മങ്കട ശ്രീ.ഭദ്രൻപിള്ള സ്ഥലം മാറ്റപ്പെട്ട ഒഴിവിൽ |

1304479

| ക്രമ നമ്പർ | പേരും വിലാസവും | വിദ്യാഭ്യാസ യോഗ്യത | ജനന തീയതി | ഏത് ഒഴിവിൽ എവിടെ നിയമിക്കുന്നു. |
|---|---|---|---|---|
| 3. | LAYYINA.P.P<br>KUNNANTHODI HOUSE<br>VARANGODE,<br>MALAPPURAM, DOWN HILL MALAPPURAM<br>676519<br>(MAPPILA) | M.COM<br>NET | 28.04.1982 | ഗവൺമെന്റ് കോളേജ്, താനൂർ<br>ശ്രീമതി.രജേശ്വരി.കെ<br>സ്ഥലം മാറ്റപ്പെട്ട<br>ഒഴിവിൽ |
| 4. | SHIJI C ANTONY<br>CHATHANATTUKUDY<br>SENGULAM, IDUKKI,<br>SENGULAM<br>(OX-CHERAMAR XIAN) BC | M.COM<br>NET | 30.05.1984 | ഗവൺമെന്റ് കോളേജ്, ഉദുമ<br>നിലവിലെ ഒഴിവിൽ |
| 5. | BIDHU.B<br>MUNDAKATHARAYIL<br>AZHEEKKAL, KOLLAM<br>AZHEEKKAL P.O-690547<br>(D-ARAYAN) (BC) | M COM<br>NET | 10.05.1976 | ഗവൺമെന്റ് കോളേജ്, പെരിങ്ങോം<br>ശ്രീമഹേഷ്.എം.ടി<br>സ്ഥലംമാറ്റപ്പെട്ട<br>ഒഴിവിൽ |
| 6. | NISHA K V<br>THIRUNELLY, BATHERY<br>MOOLANIKAVE,<br>WAYANAD 673592<br>(ST. KURUMANS) (BC) | MCOM<br>NET | 22.01.1987 | ഗവൺമെന്റ് കോളേജ്, കൊടുവള്ളി<br>ശ്രീ.പി.പി.രമ<br>നാരായണൻ<br>സ്ഥലംമാറ്റപ്പെട്ട<br>ഒഴിവിൽ |
| 7. | KAVITHA VK<br>VALATH HOUSE,<br>VEKITANGU, THRISSUR<br>VENKITANGU – 680510<br>(EZHAVA) | M.COM<br>NET | 20.04.1986 | ഗവൺമെന്റ് കോളേജ്, തിരൂർ ശ്രീമതി.ജോളി<br>ഐറിൻ സ്ഥലം<br>മാറ്റപ്പെട്ട ഒഴിവിൽ |
| 8. | SHIJIN P<br>PADINCHARETHIL HOUSE<br>KARAD P.O<br>VANIYAMBALAM VIA<br>MALAPPURAM 679339 | M COM<br>NET | 20.05.1982 | ഗവൺമെന്റ് കോളേജ് പേരാമ്പ്ര ശ്രീ.സുധീഷ്<br>ബാബു സി.പി<br>സ്ഥലംമാറ്റപ്പെട്ട<br>ഒഴിവിൽ |
| 9. | MUHAMMED SHAHEER.K<br>1/436 (CHIKKIDIYIL)<br>KODIYATHUR, MUKKAM<br>KODIYATHUR POST<br>KOZHIKODE 673602<br>(MAPPILA) | M.COM<br>NET | 31.07.1988 | ഗവൺമെന്റ് കോളേജ്, നാദാപുരം പുതുതായി<br>സൃഷ്ടിക്കപ്പെട്ട<br>തസ്തിക ഒഴിവിൽ |
| 10. | MUHAMMED SHAMIM H<br>PALAKKOTTU VEEDU<br>VARAVILA P.O<br>VAVVAKAVU VIA<br>KARUNAGAPALLY<br>THALUM, KOLLAM<br>(MUSLIM) | M. COM<br>NET<br>M.PHIL | 20.04.1975 | ഗവൺമെന്റ് കോളേജ് ചൊക്ലി, ശ്രീ.ജോയ്സ്<br>ജോസ് സ്ഥലംമാറ്റപ്പെട്ട<br>ഒഴിവിൽ |

GOVERNMENT OF KERALA

| ക്രമ നമ്പർ | പേരും വിലാസവും | വിദ്യാഭ്യാസ യോഗ്യത | ജനന തീയതി | ഏത് ഒഴിവിൽ എവിടെ നിയമിക്കുന്നു. |
|---|---|---|---|---|
| 11. | VIPIN V<br>MELPADAM HOUSE<br>NANNIODE, PALAKKAD<br>NANNIODE – 678534<br>(EZHAVA)<br>(BC) | M. COM<br>NET | 22.05.1989 | ഗവൺമെന്റ് കോളേജ് അട്ടപ്പാടി, ശ്രീമതി.സിമിമോൾ.പി. സാം സ്ഥലംമാറ്റപ്പെട്ട ഒഴിവിൽ |
| 12. | VIPULESH.U<br>UKKACHIYIL EKAROOL<br>KOZHIKODE, KARUMALA | M COM<br>NET | 12.05.1988 | ഗവൺമെന്റ് കോളേജ് കൊയിലാണ്ടി ശ്രീ.ബഷീർ അഹമ്മദ്.ഇ.കെ സ്ഥലംമാറ്റപ്പെട്ട ഒഴിവിൽ |
| 13. | SIVAPRASAD.G<br>SIVANIVAS, PADA-NORTH<br>KARUNAGAPALLY,<br>KOLLAM 690518<br>(EZHAVA) (BC) | M. COM<br>NET | 15.05.1978 | ഗവൺമെന്റ് കോളേജ് പെരിങ്ങോം പുതുതായി സൃഷ്ടിക്കപ്പെട്ട തസ്തിക ഒഴിവിൽ |
| 14. | SUNEERA P.A<br>PATTANIPARAMBIL (H)<br>EDAPPALLY, ERNAKULAM<br>682024<br>(MUSLIM) (BC) | M.COM<br>NET | 24.05.1984 | ഗവൺമെന്റ് കോളേജ് ചൊക്ലി, ശ്രീ.ഷജീം.എം.എസ് സ്ഥലംമാറ്റപ്പെട്ട ഒഴിവിൽ |
| 15. | NISHAD KARIKADAN<br>POYIL<br>KARIKADAN POYIL HOUSE<br>MUNDERI, WAYANAD<br>KALPETTA - 673121<br>(MAPPILA) (BC) | M. COM<br>NET | 18.12.1984 | ഗവൺമെന്റ് കോളേജ് നാദാപുരം പുതുതായി സൃഷ്ടിക്കപ്പെട്ട തസ്തിക ഒഴിവിൽ |
| 16. | REKHA.P<br>ITTIYENGIL (H),<br>KOTHACHIRA, PALAKKAD,<br>KOTHACHIRA 679535 | M.COM<br>NET | 30.08.1980 | ഗവൺമെന്റ് കോളേജ് തൃത്താല ശ്രീ.മണികണ്ഠൻ.സി സ്ഥലംമാറ്റപ്പെട്ട ഒഴിവിൽ |
| 17. | SANDEEP MOHAN<br>THRIVENI<br>VENGA P.O,<br>SASTHAMCOTTA, KOLLAM<br>690521 | M.COM<br>NET | 31.05.1981 | ഗവൺമെന്റ് കോളേജ് പെരിങ്ങോം പുതുതായി സൃഷ്ടിക്കപ്പെട്ട തസ്തിക ഒഴിവിൽ |

ഈ നിയമനം കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് ചട്ടത്തിന്റെ 10 (ബി) പ്രകാരം ചട്ടം 9 ഉപചട്ടം (2) Clause (1) അനുസരിച്ച് നിയമനം തീർത്തും താല്ക്കാലികമായിരിക്കും. കൂടാതെ ഉദ്യോഗാർത്ഥിയുടെ സ്വഭാവപൂർവ്വ ചരിത്ര പരിശോധനാ റിപ്പോർട്ടിനും നാഷണൽ എലിജിബിലിറ്റി ടെസ്റ്റ് സർട്ടിഫിക്കറ്റിന്റെ വാസ്തവികതാ പരിശോധന റിപ്പോർട്ടിനും, കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ പരിശോധന റിപ്പോർട്ടിനും വിധേയമായിരിക്കും. സ്വഭാവപൂർവ്വ ചരിത്ര പരിശോധനാ റിപ്പോർട്ടോ, വാസ്തവികതാ റിപ്പോർട്ടോ,

കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ പരിശോധന റിപ്പോർട്ടോ പ്രതികൂലമാകുന്ന പക്ഷം നിയമനം റദ്ദാക്കുന്നതുമായിരിക്കും.

നിലവിൽ ജനനതീയതിയിൽ ഏതെങ്കിലും തരത്തിലുള്ള അപാകത നിലനിൽക്കുന്ന ഉദ്യോഗാർത്ഥി സർവ്വീസിൽ പ്രവേശിച്ച് (5) വർഷത്തിനകം ആയത് തിരുത്തികിട്ടുന്നതിനുള്ള അപേക്ഷ ഉചിത മാർഗ്ഗേന സൂചന (3) ലെ ഉത്തരവ് പ്രകാരം സമർപ്പിക്കേണ്ടതാണ്.

ഈ ഉത്തരവ് പ്രകാരം സർവ്വീസിൽ പ്രവേശിക്കുന്നവർക്ക് 07-01-2013-ലെ സർക്കാർ ഉത്തരവ് ജി.ഒ(പി) നമ്പർ 20/2013/ഫിൻ പ്രകാരം നാഷണൽ പെൻഷൻ സ്കീം ബാധകമായിരിക്കും.

<u>ഉദ്യോഗാർത്ഥിയെ ജോലിയിൽ പ്രവേശിപ്പിക്കുന്ന പ്രിൻസിപ്പൽ താഴെ പറയുന്ന നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.</u>

1. ഉദ്യോഗാർത്ഥിയെ ജോലിയിൽ പ്രവേശിപ്പിക്കുന്നതിന് മുമ്പായി വിദ്യാഭ്യാസ യോഗ്യത, ജനന തീയതി മുതലായവ തെളിയിക്കുന്നതിനുള്ള അസ്സൽ സർട്ടിഫിക്കറ്റുകൾ പരിശോധിക്കേണ്ടതാണ്.
2. ഉദ്യോഗാർത്ഥി ജോലിയിൽ പ്രവേശിച്ച തീയതി ഈ ഓഫീസിൽ അറിയിക്കേണ്ടതാണ്.
3. ഇതോടൊപ്പം അടക്കം ചെയ്തിട്ടുള്ള അസ്സൽ വൺ ടൈം വെരിഫിക്കേഷൻ സർട്ടിഫിക്കറ്റിൽ ഉദ്യോഗാർത്ഥിയുടെ ഫോട്ടോയും ഒപ്പും ശരിയാണൊയെന്ന് ബോദ്ധ്യപ്പെട്ടതായി രേഖപ്പെടുത്തി ഈ സർട്ടിഫിക്കറ്റിന്റെ മറുപുറത്ത് മതിയായ രേഖപ്പെടുത്തലുകൾ വരുത്തി സാക്ഷ്യപ്പെടുത്തിയും മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ പകർപ്പ് സാക്ഷ്യപ്പെടുത്തിയും അയച്ചുതരേണ്ടതാണ്.
4. ഇതോടൊപ്പം <u>ഉള്ളടക്കം ചെയ്തിട്ടുള്ള</u> അസ്സൽ വൺ ടൈം വെരിഫിക്കേഷൻ സർട്ടിഫിക്കറ്റിന്റെ പകർപ്പിൽ മേലൊപ്പ് വച്ചശേഷം ചാർജ്ജ് കൈമാറ്റം ചെയ്ത റിപ്പോർട്ടിനൊപ്പം (RTC) കോട്ടയത്തെ കേരളാ അക്കൗണ്ടന്റ് ജനറൽ (അക്കൗണ്ട്സ് & എൻറൈറ്റിൽമെന്റ്സ്) -ന്റെ ബ്രാഞ്ച് ഓഫീസിലേക്ക് സർവ്വീസ് രേഖകളിൽ പതിക്കുന്നതിനായി അയച്ച് കൊടുക്കേണ്ടതാണ്.
5. ഉദ്യോഗാർത്ഥി ജോലിയിൽ പ്രവേശിപ്പിക്കുന്നതിന് മുൻപായി പോലീസ് വെരിഫിക്കേഷനായിട്ടുള്ള പ്രൊഫോർമയുടെ രണ്ട് എണ്ണവും, പി.എസ്.സി വെരിഫിക്കേഷനുള്ള പ്രൊഫോർമ മൂന്ന് പകർപ്പുകൾ അയച്ച് തരേണ്ടതാണ്. (ഒരു പകർപ്പിൽ മാത്രം പ്രിൻസിപ്പാൾ സാക്ഷ്യപ്പെടുത്തിയിരിക്കണം). പോലീസ് വെരിഫിക്കേഷനുള്ള പ്രൊഫോർമ രണ്ട് പകർപ്പുകൾ ലഭ്യമാക്കണം (പ്രൊഫോർമ വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്).
6. സംവരണാടിസ്ഥാനത്തിൽ നിയമനം ലഭിച്ച ഉദ്യോഗാർത്ഥിയാണെങ്കിൽ ജോലിയിൽ പ്രവേശിക്കുന്നതിനു മുമ്പായി ടിയാന്റെ അസ്സൽ നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റ് പ്രിൻസിപ്പാൾ പരിശോധിക്കേണ്ടതാണ്.
7. ഭിന്നശേഷിക്കാരായ ഉദ്യോഗാർത്ഥികളെ ജോലിയിൽ പ്രവേശിപ്പിക്കുന്നതിന് മുൻപായി ടിയാന്മാരുടെ ഡിസെബിലിറ്റി സർട്ടിഫിക്കറ്റ് പ്രിൻസിപ്പാൾ പരിശോധിക്കേണ്ടതാണ്.

GOVERNMENT OF KERALA

8. അനുവദിച്ചിട്ടുള്ള സമയപരിധിക്കുള്ളിൽ ഉദ്യോഗാർത്ഥികൾ ജോലിയിൽ പ്രവേശിച്ചിട്ടില്ലെങ്കിൽ ആ വിവരം ഉടൻതന്നെ, അസ്സൽ തിരിച്ചറിയൽ സർട്ടിഫിക്കറ്റു സഹിതം ഈ ഓഫീസിൽ റിപ്പോർട്ടു ചെയ്യേണ്ടതാണ്.
9. ജോലിയിൽ പ്രവേശിക്കാൻ അനുവദിച്ചിരിക്കുന്ന സമയപരിധി കഴിഞ്ഞശേഷം യാതൊരു കാരണവശാലും ഉദ്യോഗാർത്ഥിയെ ജോലിയിൽ പ്രവേശിപ്പിക്കാൻ പാടുള്ളതല്ല.
10. ടി നിയമനം OP(KAT) Nos.289/17 & 310/2017 ന്റെ അന്തിമ വിധിയ്ക്ക് വിധേയമായിരിക്കും.

(ഒപ്പ്/-)
ഹരിത.വി.കുമാർ ഐ.എ.എസ്
കോളേജ് വിദ്യാഭ്യാസ ഡയറക്ടർ

പകർപ്പ്:
1) ബന്ധപ്പെട്ട ഉദ്യോഗാർത്ഥിക്ക് (രജിസ്റ്റേർഡ് വിത്ത് അക്നോളഡ്ജ്മെന്റ്)
2) ബന്ധപ്പെട്ട പ്രിൻസിപ്പാളിന് (രജിസ്റ്റേർഡ് വിത്ത് അക്നോളഡ്ജ്മെന്റ്)
3) അക്കൗണ്ടന്റ് ജനറൽ കേരള, കോട്ടയം
4) കരുതൽ ഫയൽ/ ഓഫീസ് ഫയൽ

//അംഗീകാരത്തോടെ//

സൂപ്രണ്ട്

എസ്.ആർ/18.06.2019